**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1522**

**21.01.2014- ലെ മറുപടിക്ക്.**

**വകുപ്പുകളുടെ പ്രവർത്തന മികവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ പി ജയരാജൻ<br>ശ്രീ. കെ ദാസൻ<br>ശ്രീ. കെ രാധാകൃഷ്ണൻ<br>ശ്രീ. ആർ രാജേഷ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ മാതൃകയിൽ സംസ്ഥാന സർക്കാരിന്റെ 2012-13 സാമ്പത്തിക വർഷത്തെ പ്രവർത്തനം സംബന്ധിച്ച പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രവർത്തന മികവ് പരിശോധനാ റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ വിശദമാക്കാമോ ; | (ബി) | വകുപ്പുകളുടെ പ്രവർത്തനമികവ് മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് സംവിധാനം നടപ്പിലാക്കുന്നത്. ഇത് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ വകുപ്പുതിരിച്ച് റാങ്കിംഗ് നടത്തിയിട്ടില്ല. |
| (സി) | വകുപ്പുകളുടെ പ്രവർത്തന മികവിന്റെ റാങ്കിംഗ് ശതമാനക്കണക്കിൽ വിശദമാക്കാമോ ; | (സി) | |
| (ഡി) | പരിശോധനാ ഫലങ്ങളുടെയടിസ്ഥാനത്തിൽ വകുപ്പുകൾ വഴി ചെലവ് ചെയ്ത തുകയ്ക്ക് അനുസൃതമായി 50% എങ്കിലും ഫലം ഉണ്ടായിട്ടില്ലെന്ന് വിലയിരുത്തപ്പെട്ട വകുപ്പുകൾ ഏതൊക്കെയാണ് ; ഇവയുടെ പ്രവർത്തനം സജീവമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ഡി) | ചെലവ് ചെയ്ത തുകയ്ക്ക് അനുസൃതമായല്ല റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് അടിസ്ഥാനത്തിൽ പ്രവർത്തന മികവ് വിലയിരുത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രവർത്തന മികവ് പരിശോധന നടത്തിയ ഏജൻസി ഏതാണ് ? | (ഇ) | സംസ്ഥാനത്തെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പും, കേന്ദ്ര സർക്കാരിന്റെ ക്യാബിനറ്റ് സെക്രട്ടറിയേറ്റിന് കീഴിലുള്ള പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷനും ചേർന്നാണ് പ്രവർത്തന മികവ് പരിശോധിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ